"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി നിർദേശം പാലിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഭവനങ്ങൾക്ക് - അഞ്ചാം ഘട്ട ജിയോ ടാഗിംഗിന്റെ അടിസ്ഥാനത്തിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്/കെട്ടിട നമ്പർ ലഭിക്കുന്നതിന് മുമ്പുതന്നെ അവസാന (നാലാം ) ഗഡു അനുവദിക്കുന്നതിന് അനുമതി നൽകി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1317/2026/LSGD തീയതി,തിരുവനന്തപുരം, 21-07-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.1222/16/LSGD, തീയതി 08/03/2016

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.2026 ലെ KSHO/27/2026-N നമ്പർ കത്ത്

## ഉത്തരവ്

പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിന് സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതുപ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് (അടുക്കള, കുളിമുറി, ശുചിമുറി, വാതിലുകൾ, ജനാലകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ) നഗരസഭ വീടിന് കെട്ടിടനമ്പർ നൽകിയതിനു ശേഷമേ നാലാം (അവസാന) ഗഡു വിതരണം ചെയ്യാൻ സാധിക്കുകയുള്ളു. ആയതിനാൽ ഭവന നിർമാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭ്യമാക്കി അഞ്ചാം ഘട്ട ജിയോ ടാഗിംഗ് നടത്തിയ ശേഷം മറ്റ് അനുബന്ധ രേഖകൾ നഗരസഭ/ കോർപ്പറേഷൻ സമർപ്പിച്ചാൽ മാത്രമേ നിലവിൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു അനുവദിക്കുകയുള്ളൂ.

2) എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചാൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് /കെട്ടിട നമ്പർ അനുവദിക്കുന്നതിൽ നഗരസഭ/കോർപ്പറേഷൻ തലത്തിൽ കാലതാമസം നേരിടുന്നുണ്ടെന്നും ഇതിന്റെ ഫലമായി ഭവന നിർമ്മാണം പൂർത്തിയായിട്ടും അവസാന ഗഡു വിതരണം വൈകുകയും തുടർന്ന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നതായും ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളിൽ Water, Toilet, Sanitation, Sewage, Road, Electricity തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് /കെട്ടിട നമ്പർ നിലവിൽ നിർബന്ധമല്ലായെന്നും ആയതിനാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചാൽ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്/കെട്ടിട നമ്പർ ലഭ്യമാകുന്നതിന് മുൻപുതന്നെ, ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കാൻ സാധിക്കുന്നതിനാൽ അഞ്ചാം ഘട്ട

ജിയോ ടാഗിംഗിന്റെ അടിസ്ഥാനത്തിൽ നാലാം ഗഡു അനുവദിക്കാൻ സാധിക്കുന്നതാണെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി അവസാന ഗഡു നൽകുന്നതിന് മുൻപ് കെട്ടിട നമ്പർ ലഭിച്ചിരിക്കണം എന്ന നിർദേശം കേന്ദ്ര പദ്ധതിയുടെ മാനദണ്ഡത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നും ആയതിനാൽ നിലവിലുള്ള ഉത്തരവിലെ പ്രസ്തുത വ്യവസ്ഥ മാറ്റി വയ്ക്കുന്നതു പദ്ധതി പുരോഗതിക്കു ആവശ്യമായ നടപടിയാണ് എന്നുള്ള കുടുംബശ്രീ ഡയറക്ടറുടെ നിർദേശം അംഗീകരിച്ചു കൊണ്ട് ; പി.എം.എ.വൈ (നഗരം)- ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയായ ശേഷം, പൂർത്തീകരിച്ച ഭവനത്തിൽ, കേന്ദ്ര മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ബന്ധപ്പെട്ട നഗരസഭ/കോർപ്പറേഷൻ സാക്ഷ്യപ്പെടുത്തുകയും അഞ്ചാം ഘട്ട ജിയോ ടാഗിംഗ് പൂർത്തിയാക്കുകയും ചെയ്താൽ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്/കെട്ടിട നമ്പർ ലഭിക്കുന്നതിന് മുമ്പുതന്നെ അവസാന (നാലാം )ഗഡു അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(4 ) പരാമർശം (1) ഉത്തരവ് മേൽപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ